# പ്രാര്‍ഥന സ്വീകരിക്കപ്പെടാത്തതെന്തുകൊണ്ട്?

**അല്ലാഹുവിനോടുള്ള** പ്രാര്‍ഥന-ദുആഅ്- സത്യവിശ്വാസിയുടെ ഒരു അനിവാര്യ ഗുണമാണ്. ഈമാന്റെ വാച്യരൂപം തന്നെയാണത്. ഗുരുതരമെന്നോ ലഘുവെന്നോ വ്യത്യാസമില്ലാതെ ഏതു കാര്യത്തിലും വിശ്വാസി അല്ലാഹുവിന്റെ നേരെ കരമുയര്‍ത്തുന്നു. ജീവന്മരണ പോരാട്ടത്തിനിറങ്ങുമ്പോഴെന്നപോലെ സ്വാഭാവികമായി നടക്കുന്ന മലമൂത്രവിസര്‍ജനത്തിനിരിക്കുമ്പോഴും അവന്‍ പ്രാര്‍ഥിക്കും. തന്റെ ദാസന്‍ ഏതാവശ്യം ചോദിച്ചാലും എത്രയേറെ ചോദിച്ചാലും അല്ലാഹു മുഷിയില്ല. എന്നല്ല തന്നോട് അധികമധികം പ്രാര്‍ഥിക്കുന്നവരോട് അവന് പ്രീതി വര്‍ധിക്കുകയേയുള്ളൂ. ഗുരുതരമായ കാര്യങ്ങളിലുള്ള പ്രാര്‍ഥന എന്ന പോലെ ലഘുവും അനായാസവുമായ കാര്യങ്ങളിലുള്ള പ്രാര്‍ഥനയും അവന്‍ കണക്കിലെടുക്കുന്നു. കാര്യം ചെറുതായാലും വലുതായാലും അതിന്റെ നിര്‍വഹണം അല്ലാഹുവിന്റെ അനുഗ്രഹത്തെ ആശ്രയിച്ചിരിക്കുന്നു. ഏതു കാര്യവും പ്രാര്‍ഥനയുടെ അകമ്പടിയോടെ ചെയ്യുക എന്നാല്‍ അല്ലാഹുവിന്റെ അനുമതിയും അനുഗ്രഹവും തേടിക്കൊണ്ട് ചെയ്യുക എന്നാണര്‍ഥം.

ഇതൊരു നിസ്സാര കാര്യമാണ്. അല്ലെങ്കില്‍ ഈ സംരംഭം വിജയകരമായി പൂര്‍ത്തീകരിക്കാനുള്ള കഴിവും കരുത്തും വേണ്ടുവോളം എനിക്കു തന്നെയുണ്ട്. ഇങ്ങനെയൊക്കെ കരുതി പ്രാര്‍ഥിക്കാന്‍ മടിക്കുന്നവര്‍ യഥാര്‍ഥത്തില്‍ അല്ലാഹുവിനെ അവഗണിക്കുകയും അവന്റെ മുമ്പില്‍ അഹങ്കരിക്കുകയുമാണ്. കാര്യം ഗൗരവമുള്ളതായാലും നിസ്സാരമായാലും അത് കൈകാര്യം ചെയ്യാന്‍ അല്ലാഹു നല്‍കിയതല്ലാത്ത ഒരു കഴിവും ആരുടെയും കൈയിലില്ല എന്നതാണ് വാസ്തവം. അതാണ് അല്ലാഹു കല്‍പിച്ചത്: "ഞാന്‍ നാളെ ഇന്ന കാര്യം തീര്‍ച്ചയായും ചെയ്യുമെന്ന് പറയരുത്; അല്ലാഹു ഇഛിച്ചെങ്കില്‍ എന്ന ഉപാധിയോടെയല്ലാതെ" (18:23,24). ഇന്‍ശാ അല്ലാഹ് (അല്ലാഹു ഇഛിച്ചെങ്കില്‍) എന്ന ഉപാധി 'അല്ലാഹുവേ നീ ഉതവിയരുളേണമേ' എന്ന പ്രാര്‍ഥനയാണ്. അതോടൊപ്പം അന്തിമ തീരുമാനം അല്ലാഹുവിന് സമര്‍പ്പിക്കലുമാണ്.

പ്രാര്‍ഥന അല്ലാഹു അവന്റെ ദാസന്മാരില്‍നിന്ന് ആവര്‍ത്തിച്ച് ആവശ്യപ്പെട്ടിട്ടുള്ള കാര്യമാണ്. "എന്നോട് പ്രാര്‍ഥിക്കുവിന്‍, ഞാന്‍ നിങ്ങള്‍ക്ക് ഉത്തരം നല്‍കാം" (40:60). പ്രവാചകനോട് അല്ലാഹു പറഞ്ഞു: "എന്റെ ദാസന്മാര്‍ എന്നെക്കുറിച്ച് ചോദിച്ചാല്‍ പറയുക: ഞാന്‍ അവരുടെ ചാരത്തുതന്നെയുണ്ട്. പ്രാര്‍ഥിക്കുന്നവന്‍ എന്നോട് പ്രാര്‍ഥിച്ചാല്‍ ഞാന്‍ ഉത്തരം നല്‍കും" (2:186). "വിശിഷ്ട നാമങ്ങളൊക്കെയും അല്ലാഹുവിന്റേതാകുന്നു. ആ നാമങ്ങളില്‍ അവനെ വിളിച്ചു പ്രാര്‍ഥിച്ചുകൊള്ളുവിന്‍" (7:180). നബി (സ) പ്രസ്താവിച്ചതായി ഉദ്ധരിക്കപ്പെടുന്നു: "പ്രാര്‍ഥന വിശ്വാസിയുടെ ആയുധവും ദീനിന്റെ സ്തംഭവും ആകാശഭൂമികളുടെ പ്രകാശവുമാകുന്നു." 'പ്രാര്‍ഥന ഇബാദത്തുതന്നെയാണ്' എന്നും 'ഇബാദത്തിന്റെ മജ്ജയാണ് പ്രാര്‍ഥന' എന്നും നബി പ്രസ്താവിച്ചിട്ടുണ്ട്. അതായത്, പ്രതിസന്ധി നേരിടുമ്പോള്‍ അല്ലാഹുവേ കാക്കണേ എന്നുരുവിടുക മാത്രമല്ല പ്രാര്‍ഥന. അതിനകത്ത് അല്ലാഹുവിനോടുള്ള വണക്കവും വിധേയത്വവും ആശ്രയത്വവും ഉണ്ടായിരിക്കണം. അപ്പോഴേ യഥാര്‍ഥ പ്രാര്‍ഥനയാകൂ.

ദാസന്മാരുടെ പ്രാര്‍ഥനകള്‍ക്ക് ഉത്തരം നല്‍കുക എന്നത് അല്ലാഹു ഏറ്റെടുത്ത വാഗ്ദാനമാണ്. അവനൊരിക്കലും വാഗ്ദാനം ലംഘിക്കുകയില്ലെന്ന് നമുക്കറിയാം. ചിലപ്പോള്‍ അവന്‍ ഉടനടി തന്നെ പ്രാര്‍ഥന സഫലമാക്കുന്നു. ചിലപ്പോള്‍ ഉത്തരം കിട്ടാന്‍ താമസിച്ചെന്നിരിക്കും. ചിലപ്പോള്‍ സാഫല്യമുണ്ടാകുന്നത് നമ്മുടെ ഭൗതികജീവിതത്തിനു ശേഷമായെന്നു വരാം. പ്രാര്‍ഥനയുടെ ഫലം അവന്‍ ഇങ്ങനെ നീട്ടിവെക്കുന്നത് നമ്മുടെ തന്നെ നന്മക്കുവേണ്ടിയാണ്. നമ്മുടെ ചില പ്രാര്‍ഥനകളെങ്കിലും സ്വീകരിക്കപ്പെടാതെ പോയത് മഹാ ഭാഗ്യമായി പില്‍ക്കാലത്ത് നമുക്കു തന്നെ അനുഭവപ്പെടാറുണ്ടല്ലോ. ഏതു കാര്യത്തിലും അല്ലാഹുവിനെ സ്മരിക്കുന്നതോടൊപ്പം "ചിലപ്പോള്‍ ഞാനര്‍ഥിക്കുന്നതിനേക്കാള്‍ വിശിഷ്ടമായതിലേക്കും നാഥന്‍ എന്നെ നയിച്ചേക്കാം" (18:24) എന്നു കൂടി പറയാന്‍ ഉപദേശിച്ചത് അതുകൊണ്ടാണ്.

എന്നാല്‍ ഇബാദത്തിന്റെ മജ്ജയാവാത്ത പ്രാര്‍ഥന ഒരിക്കലും ഉത്തരം നല്‍കപ്പെടുന്നില്ല. 'ഞാന്‍ എത്രയോ കാലമായി പ്രാര്‍ഥിച്ചുകൊണ്ടിരിക്കുന്നു. പക്ഷേ അല്ലാഹു ഒരിക്കലും എന്റെ പ്രാര്‍ഥന കേട്ടില്ല' എന്നു പരാതിപ്പെടുന്ന പലരെയും കാണാം. നാവുകൊണ്ടു മാത്രമേ അവര്‍ പ്രാര്‍ഥിക്കുന്നുള്ളൂ; ജീവതം കൊണ്ട് ഇല്ല എന്നതാണ് കാരണം. ഇബാദത്തിന്റെ മജ്ജയാവാത്ത പ്രാര്‍ഥന ഉള്ളു പൊള്ളയായ പ്രാര്‍ഥനയാണ്. പ്രാര്‍ഥനയെന്നാല്‍ പാപവര്‍ജനമാകുന്നു എന്ന് പൂര്‍വസൂരികള്‍ പറഞ്ഞിട്ടുണ്ട്. ആപത്തണയുമ്പോള്‍ അല്ലാഹുവിനെ വിളിക്കുകയും അതകന്നുപോയാല്‍ അവനെ മറക്കുകയും ചെയ്യുന്നവരുടെ പ്രാര്‍ഥന അല്ലാഹുവിങ്കല്‍ സ്വീകാര്യമായ പ്രാര്‍ഥനയല്ല. നബി(സ) സഅ്ദി(റ)നെ വിളിച്ച് ഉപദേശിച്ചു: "നിന്റെ ആഹാരം സംശുദ്ധമായിരിക്കണം. എങ്കില്‍ നീ പ്രാര്‍ഥനക്ക് ഉത്തരം ലഭിക്കുന്നവനായിത്തീരും." മറ്റൊരിക്കല്‍ നബി(സ) പറഞ്ഞു: "ദീര്‍ഘ സഞ്ചാരത്താല്‍ ജഡ പിടിച്ച തലയും പൊടി പിടിച്ച ദേഹവുമായി ഒരാള്‍ 'എന്റെ നാഥാ!' എന്നു വിളിച്ച് മാനത്തേക്ക് കൈയുയര്‍ത്തുന്നു. അയാളുടെ ആഹാരം നിഷിദ്ധം, പാനീയം നിഷിദ്ധം, നിഷിദ്ധങ്ങള്‍ കൊണ്ടാണയാളുടെ പോഷണം. അയാള്‍ക്ക് എവിടെന്ന് ഉത്തരം ലഭിക്കാനാണ്?!" ഒരാള്‍ ഇബ്റാഹീം ബിന്‍ അദ്ഹമിനോട് ചോദിച്ചു: "ഞങ്ങള്‍ അല്ലാഹുവിനോട് പ്രാര്‍ഥിച്ചിട്ട് ഉത്തരം കിട്ടാത്തതെന്താണ്?" അദ്ദേഹം പറഞ്ഞു: "കാരണം, നിങ്ങള്‍ അല്ലാഹുവിനെ അറിയുന്നു, അനുസരിക്കുന്നില്ല. റസൂലിനെ അറിയുന്നു, അദ്ദേഹത്തിന്റെ ചര്യ പിന്തുടരുന്നില്ല. ഖുര്‍ആന്‍ ഓതുന്നു, അതുപ്രകാരം പ്രവര്‍ത്തിക്കുന്നില്ല. ചെകുത്താനെ അറിയുന്നു, അവനോട് സമരം ചെയ്യുന്നില്ല; എന്നല്ല അവനോട് യോജിക്കുകയാണ്. നിങ്ങള്‍ സ്വന്തം കുറവുകള്‍ അവഗണിക്കുന്നു, അന്യരുടെ കുറവുകള്‍ പരിഗണിക്കുന്നു."

അല്ലാഹു വാഗ്ദാനം ചെയ്യുന്നതിങ്ങനെയാണ്: "നിങ്ങളുടെ നാഥനോട് വണക്കത്തോടെയും ഗോപ്യമായും പ്രാര്‍ഥിക്കുക. പരിധി ലംഘിക്കുന്നവരെ അവന്‍ സ്നേഹിക്കുന്നില്ല. ഭൂമിയുടെ സംസ്കരണം കഴിഞ്ഞ ശേഷം അതില്‍ നാശമുണ്ടാക്കാതിരിക്കുക. ഭയത്തോടും പ്രതീക്ഷയോടും കൂടി അവനോട് പ്രാര്‍ഥിക്കുക. അല്ലാഹുവിന്റെ അനുഗ്രഹം സജ്ജനങ്ങളുടെ ചാരത്തുതന്നെയുണ്ട്" (7:55,56). അല്ലാഹുവിന്റെ നിയമങ്ങള്‍ ലംഘിക്കുകയും നാട്ടില്‍ കുഴപ്പങ്ങളുണ്ടാക്കുകയും ചെയ്യുന്നവരുടെ പ്രാര്‍ഥന സഫലമാക്കാമെന്ന് അവന്‍ വാഗ്ദത്തം ചെയ്തിട്ടില്ല. നമ്മുടെ പ്രാര്‍ഥന അല്ലാഹു കേള്‍ക്കാതിരിക്കുകയല്ല; അവന്‍ കേള്‍ക്കുംവണ്ണം നാം പ്രാര്‍ഥിക്കാതിരിക്കുകയാണ്. ■